കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 11 | ലക്കം 2 | ഏപ്രിൽ 30 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

1 കൃഷിദർശൻ ഹരിപ്പാട് കാർഷിക ബ്ലോക്ക്, ആലപ്പുഴ ജില്ല

# കൃഷിദർശൻ

## ഹരിപ്പാട് കാർഷിക ബ്ലോക്ക്, ആലപ്പുഴ ജില്ല



പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി 1987-ൽ കൃഷിഭവനുകൾ നിലവിൽ വരുന്നതിനു മുമ്പ് കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി പ്രത്യേക പാക്കേജുകളും പദ്ധതികളുമായിരുന്നു സംസ്ഥാനത്ത് ഉണ്ടായിരുന്നത്. 1960-ലെ പാക്കേജ് പദ്ധതികൾക്കും 1968-ലെ ഏലാ വികസന പദ്ധതികൾക്കും ശേഷം കർഷക രുടെ ഹൃദയം തൊട്ടറിഞ്ഞ മറ്റൊരു പദ്ധതിയായിരുന്നു 1981-ൽ ആരംഭിച്ച ട്രെയിനിംഗ് ആന്റ് വിസിറ്റ് സിസ്റ്റം. ഇതിൽ ഓരോ ഫീൽഡുതല ഉദ്യോഗസ്ഥരും നിരന്തരം കർഷക കുടുംബങ്ങളുമായി നേരിൽ കണ്ട് ചർച്ച നടത്തിയിരുന്നു. ഫീൽഡ് തലത്തിൽ ഉത്ഭവിക്കുന്ന കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് ഒരു സബ് ഡിവിഷൻ അഗ്രി കൾച്ചർ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സബ് ഡിവിഷൻ ഓഫീസും അവിടെ തന്നെ മൂന്ന് സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളും പ്രവർത്തിച്ചിരുന്നു. 1990-കൾക്ക് ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാ പനതലത്തിലുള്ള കൃഷിഭവനുകൾ എന്ന സംവിധാനത്തിലൂടെ പ്രാദേശിക കാർഷിക രംഗത്തും ഉത്പാദന രംഗത്തും മുന്നേറ്റമുണ്ടാക്കാൻ ഉതകുന്ന ധാരാളം പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. പച്ചക്കറി, ഹോർട്ടികൾച്ചർ വിളകൾ, കേരകൃഷി എന്നീ മേഖ ലകളിൽ ഉത്പാദന രംഗത്ത് വലിയൊരു നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ കർഷകർ അടിസ്ഥാനപരമായ ചില സാങ്കേതിക പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്നുണ്ട്. ഇത് മനസ്സിലാക്കി കാർഷിക മേഖലയെ ലാഭക

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്





രമാക്കുന്നതിനും കാർഷിക മേഖലയെ വൈവിദ്ധ്യവത്കരണത്തിലൂടെയും ഏകോപനത്തിലൂടെയും നിക്ഷേപ സൗഹൃദമാക്കി പ്രധാന തൊഴിൽ വരുമാന സ്രോതസ്സാക്കി മാറ്റി അതിലൂടെ മികച്ച വിപണിയുമൊരുക്കി കർഷക വരുമാനം ഇരട്ടിയാക്കുകയും ഒപ്പം പോഷക സുരക്ഷിതത്വവും ഭക്ഷ്യസുരക്ഷിതത്വവും ഉറപ്പാക്കുകയും ചെയ്യുകയാണ് കൃഷിദർശനിലൂടെ വിഭാവനം ചെയ്യുന്നത്.

കാർഷിക വിജ്ഞാന വ്യാപനം അതിന്റെ അക്ഷരാർത്ഥത്തിൽ ശക്തമായിരുന്ന ഗതകാല ചരിത്രത്തിന്റെ പുനരാവിഷ്കാരം എന്ന നിലയിൽ ഈ പരിപാടി കാർഷിക കേരളത്തിന് ഏറെ പ്രതീക്ഷ നൽകുന്നു. "ഞങ്ങളും കൃഷിയിലേക്ക് " എന്ന പദ്ധതിയുടെ ഭാഗമായി ബഹു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും, കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും, സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കാർഷിക മേഖലയിലെ കർഷകരോട് സംവദിച്ച്, കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും, പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് "കൃഷിദർശൻ".

2022 ആഗസ്റ്റ് 17 (ചിങ്ങം ഒന്നിന്) കർഷക ദിനാചരണത്തോടനുബന്ധിച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കൃഷിദർശൻ പരിപാടി, തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ ആരംഭിക്കുകയും, തുടർന്ന് കണ്ണൂർ ജില്ലയിലെ തലശ്ശേരി കാർഷിക ബ്ലോക്കിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലും സംഘടിപ്പിക്കപ്പെടുകയും, നാലാം പതിപ്പ് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷിക ബ്ലോക്കിൽ 2023 ഏപ്രിൽ 25 മുതൽ 29 വരെ സംഘടിപ്പിക്കപ്പെടുകയും ചെയ്തു.

കാർഷിക മേഖലയുടെ അടിസ്ഥാന വികസനം നാടിന്റെ വികസനത്തിനും സഹായകരമാകും. കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾക്ക് ഉടൻതന്നെ പരിഹാരം കാണുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിൽ 'കൃഷിദർശൻ' പരിപാടി ആരംഭിക്കുന്നത്. കാർഷിക സർവ്വകലാശാലയിലെ വിദ്യാർഥികളെ കൂടി കൃഷിയിടത്തിൽ ഇറക്കി പ്രശ്നങ്ങൾ മനസ്സിലാകുന്ന തരത്തിലുള്ള ഇടപെടലുകളും വകുപ്പ് നടത്തിവരുന്നു. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി കാർഷിക മേഖലയെ വൈവിദ്ധ്യവത്കരണത്തിലൂടെയും ഏകോപനത്തിലൂടെയും നിക്ഷേപ സൗഹൃദമാക്കി, കൃഷിയെ സമൂഹത്തിലെ പ്രധാന വരുമാന സ്രോതസ്സാക്കി മാറ്റുക, കർഷക വരുമാനം വർദ്ധിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുക എന്നിവയാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇതിനുള്ള അടിത്തറയായി പുത്തൻ സാങ്കേതിക വിദ്യകളും നവീന കൃഷി രീതികളും പ്രചരിപ്പിക്കുക, ഉത്പാദനം മുതൽ സംസ്കരണം വരെ യുള്ള വാല്യൂ ചെയിൻ ശക്തിപ്പെടുത്തുക, കാർഷിക മേഖലയിൽ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണംവഴി ഒരു സാമൂഹ്യ അടിത്തറ വികസിപ്പിക്കുക, സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉയർന്ന സേവന ശൃംഖല കൃഷിഭവനുകൾ വഴി ലഭ്യമാക്കുക.

പ്രാദേശികമായ കാർഷിക മേഖലയുടെ വികസനത്തിന് അടിത്തറ പകരുന്ന പ്രവർത്തനങ്ങളെ ചിട്ടയായി ക്രമപ്പെടുത്തിയാണ് കൃഷിദർശൻ ഹരിപ്പാട് സംഘടിപ്പിച്ചത്.

മേൽ സൂചിപ്പിച്ച മാർഗ്ഗങ്ങളിലൂടെ ഹരിപ്പാട് ബ്ലോക്കിൽ 2026 വർഷമാകുമ്പോഴേക്കും കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതിയും കർഷക വരുമാന വർദ്ധനവുമാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഹരിപ്പാട് ബ്ലോക്ക്

പരിധിയിലെ കാർഷിക മേഖലയുടെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്യുകയും വ്യക്ത മായ കാഴ്ച്ചപ്പാടും കർമ്മ പരിപാടികളും മുന്നോട്ട് വയ്ക്കുകയുമാണ് "വിഷൻ ഹരിപ്പാട് 2026" എന്നതിലൂടെ ഉദ്ദേശിക്കുന്നത്.

## കൃഷിദർശൻ ഹരിപ്പാട് – പ്രവർത്തനങ്ങൾ

### കാർഷിക പ്രദർശനം – ഉത്ഘാടനം

ബഹു. കൃഷിവകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമായ കൃഷിദർശന്റെ ആലപ്പുഴ ജില്ലയിലെ ആദ്യ പരിപാടി ഹരിപ്പാട് 2023 ഏപ്രിൽ 25 ന് ആരംഭിച്ചു. ഹരിപ്പാട് മോഡൽ ബോയ്സ് എച്ച്. എസ്. എസ്. ഗ്രൗണ്ടിൽ ഒരുക്കിയിട്ടുള്ള കാർഷിക പ്രദർശന നഗരിയുടെ ഉദ്ഘാടനം ബഹു. ഹരിപ്പാട് എം. എൽ. എ. ശ്രീ. രമേശ് ചെന്നിത്തല ഓൺലൈനിൽ നിർവഹിച്ചു. കാർഷിക മേഖലയ്ക്ക് ഒരു നവദർശനം കൃഷിദർശനിലൂടെ കാർഷിക മേഖലയ്ക്കുണ്ടാകുമെന്ന് എം.എൽ.എ. പറഞ്ഞു. കർഷകർക്കും കാർഷിക മേഖലയ്ക്കും ഗുണകരമായ നിരവധി പ്രവർത്തനങ്ങൾ സംയോജിപ്പിച്ച കൊണ്ടാണ് കൃഷിദർശൻ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളതെന്നും, ഹരിപ്പാടിന്റെ എല്ലാ കർഷകർക്കും ഈ പരിപാടിയുടെ ഗുണം ലഭിക്കുമെന്നും, കർഷകരുടെ ഉന്നമനത്തിന് കൃഷിദർശൻ കാരണമാകുമെന്നും എം.എൽ.എ. പറഞ്ഞു. കൃഷിക്കാരന് ആത്മവിശ്വാസവും, ഉത്തേജനവും പകരുന്ന പ്രവർത്തനങ്ങളാണ് കൃഷിദർശനിൽ സംഘടിപ്പിച്ചിട്ടുള്ളതെന്ന് ബി.പി.കെ.പി. കിസാൻ മേള ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ്. കെ. തോമസ് പറഞ്ഞു.

ഹരിപ്പാടിന്റെ കാർഷിക മേഖലയിലെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കൃഷിദർശനിലൂടെ ലക്ഷ്യമിടുന്നുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രുഗ്മിണി രാജു പറഞ്ഞു. യോഗത്തിൽ ജനപ്രതിനിധികൾ, വിവിധ കർഷകസംഘം പ്രതിനിധികൾ, കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

### കാർഷിക പ്രദർശനം

കാർഷിക പ്രദർശനത്തിന്റെ





ഭാഗമായി 50 ലധികം സ്റ്റാളുകൾ പ്രദർശന നഗരിയിൽ സജ്ജമാക്കിയിട്ടുണ്ടായിരുന്നു. എള്ള് ആട്ടുന്ന ചക്ക്, ഉരലിൽ ഇടിച്ച് എള്ളുണ്ട തയ്യാറാക്കൽ തുടങ്ങിയ ഓണാട്ടുകരയുടെ കാർഷിക പാരമ്പര്യം വിളിച്ചോതുന്ന തീം സ്റ്റാൾ, ഓണാട്ടുകര കുട്ടനാട് കരപ്പുറം കാർഷിക വൈവിധ്യം പകർന്ന നൽകുന്ന ആലപ്പുഴ ജില്ലാ കൃഷി വകുപ്പ് സ്റ്റാൾ എന്നിവ ജനങ്ങളിൽ കൗതുകം ജനിപ്പിക്കുന്നതായിരുന്നു. ഇസ്രായേൽ കാർഷിക പുരോഗതി നേരിൽ കണ്ട യുവ കർഷകർ അവരുടെ സന്ദർശന അനുഭവങ്ങളും നവീന കാർഷിക സാങ്കേതിക വിദ്യകളും പകർന്ന നൽകുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സ്റ്റാൾ കൃഷിയിലേക്ക് കടന്ന വരാൻ തയ്യാറെടുക്കുന്ന കർഷകർക്ക് വളരെ പ്രയോജനം നൽകുന്നതായിരുന്നു.

കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, വിവിധ ഔഷധ അലങ്കാര സസ്യങ്ങൾ, കൃഷിവകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ തുടങ്ങിയവ പരിചയപ്പെടുത്തുന്ന ആലപ്പുഴ ആത്മ സ്റ്റാൾ, വിവിധയിനം നെൽവിളയും അവയുടെ കൃഷിരീതികളെയും കീട നിയന്ത്രണ മാർഗ്ഗങ്ങളെയും പരിചയപ്പെടുത്തുന്ന കേരള കാർഷിക സർവ്വകലാശാല സ്റ്റാൾ, കൂൺ, ചക്ക, തേനുത്പന്നങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളെ പരിചയപ്പെടുന്നതിനും വാങ്ങുന്നതിനും ഉള്ള നിരവധി സ്റ്റാളുകൾ, പ്ലാസ്റ്റിക് ചെടി ചട്ടികൾക്ക് പകരമായി ഉപയോഗിക്കാൻ കഴിയുന്ന അഞ്ചുവർഷം വാറണ്ടിയുള്ള എച്ച്ഡിപിഇ ചട്ടികൾ ലഭിക്കുന്ന സ്റ്റാൾ, മറ്റ് ഉൽപാദന ഉപാധികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന സ്റ്റാളുകൾ തുടങ്ങിയവ പ്രദർശനമേളയുടെ പ്രത്യേകതകളായിരുന്നു.

ജില്ലാ കൃഷിത്തോട്ടം മാവേലിക്കരയുടെ സ്റ്റാളിൽ നിന്നും കൃഷിവകുപ്പ് ഉത്പാദിപ്പിക്കുന്ന ഗ






ണമേന്മയുള്ള ഫലവൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ, തൈകൾ തുടങ്ങിയവ ജനങ്ങൾക്ക് വാങ്ങാൻ കഴിയും. വിവിധയിനം പ്ലാവുകൾ, മാവുകൾ, മറ്റു ഫലവൃക്ഷത്തൈകൾ തുടങ്ങിയവ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് വിവിധ നഴ്സറി സ്റ്റാളുകളിൽ ലഭ്യമാക്കി.

കൃഷിവകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളായ ക്ഷീരവികസന വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയവരുടെ പദ്ധതികളിൽ കർഷകർക്കുള്ള ആനുകൂല്യങ്ങൾക്ക് സൗജന്യ രജിസ്ട്രേഷനുകൾ ചെയ്യുന്നതിനുള്ള സൗകര്യവും പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ടായിരുന്നു. കാർഷിക ഉപകരണങ്ങൾ വിൽക്കുന്ന കാംകോയുടെ സ്റ്റാളിൽ വിവിധയിനം കാർഷിക ഉപകരണങ്ങൾ സബ്സിഡിയോടെ വാങ്ങുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. പവർ ടില്ലർ, മൈക്രോ വീഡർ, പവർ റീപ്പർ, പാഡി വീഡർ, 2 HP വരെയുള്ള പമ്പ് സെറ്റുകൾ തുടങ്ങിയ ഉപകരണങ്ങൾ വ്യക്തികൾക്ക് 50% വരെ സബ്സിഡിയിലും കർഷക സംഘങ്ങൾക്ക് 80% വരെ സബ്സിഡിയിലും കർഷകർക്ക് ലഭ്യമാക്കി.

വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ സ്റ്റാളിൽ നിന്നും പച്ചക്കറികൾ, പഴങ്ങൾ, വിത്തുകൾ എന്നിവയും വാങ്ങാം. പ്രൈവറ്റ് നഴ്സറികളുടെ സ്റ്റാളുകളും പ്രദർശന നഗരിയിൽ ഒരുക്കിയിട്ടുണ്ടായിരുന്നു. നാടൻ വിഭവങ്ങൾ ഒരുക്കിയിട്ടുള്ള ഫുഡ്കോർട്ടും ഇവിടെ ഒരുക്കിയിരുന്നു.

## കർഷകരുടെ കൃഷിയിടങ്ങളിൽ ഉദ്യോഗസ്ഥരുടെ സന്ദർശനം

കൃഷിദർശന്റെ ഭാഗമായി രണ്ടാം ദിനത്തിൽ ഉന്നത കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷി- അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശനം നടത്തി. ഹരിപ്പാട് നഗരസഭ സമീപത്തു നിന്നും രാവിലെ 09.30 ന് കൃഷിയിട സന്ദർശനം ആരംഭിച്ചു. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രുഗ്മിണി രാജു ഫ്ലാഗ് ഓഫ് ചെയ്തു. തൃക്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിനോദ് കുമാർ, കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ശ്രീ. പി. രാജശേഖരൻ, കൃഷി അഡിഷണൽ ഡയറക്ടർമാർ, മറ്റു ഉന്നത കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ഉദ്യോഗസ്ഥർ വിവിധ ടീമുകളായി ഹരിപ്പാട് ബ്ലോക്കിലെ 8 പഞ്ചായത്തുകളിലെ വിവിധ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരുടെ പ്രശ്നങ്ങളും പരാതികളും മനസ്സിലാക്കുകയും, അത് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഓരോ കൃഷിഭവൻ പരിധിയിലും ഉദ്യോഗസ്ഥരുടെ 5 ടീമുകളാണ് സന്ദർശനം നടത്തിയത്. ഓരോ ടീമിലും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള സയന്റിസ്റ്റും വിദ്യാർത്ഥികളും ഉണ്ടായിരുന്നു. 300-ഓളം കൃഷി ഉദ്യോഗസ്ഥരും, കാർഷിക വിദഗ്ധരും, കാർഷിക വിദ്യാർത്ഥികളുമാണ് സന്ദർശനം നടത്തിയത്.

## ബി ടു ബി മീറ്റ്

### 3.23 കോടി രൂപയുടെ ഇൻറന്റുകൾ ഒപ്പു വച്ചു

കാർഷിക സംരംഭങ്ങൾക്ക് വേണ്ടിയും വ്യവസായ സംരംഭങ്ങൾക്ക് വേണ്ടിയും ആലപ്പുഴ ജില്ലയിൽ മുഖാമുഖം നടത്തിയ ആദ്യത്തെ ബിസിനസ് (ബി2ബി) മീറ്റ് കൃഷിദർശൻ വേദിയിൽ കൃഷിവകുപ്പ് സംഘടിപ്പിച്ചു. മീറ്റിൽ 31 ഇടപാടുകളിലായി ഹരിപ്പാടിന്റെ പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് 3.23 കോടി രൂപയുടെ ഇൻഡന്റുകളാണ് ഒപ്പു വച്ചത്. ഇതിൽ പച്ചക്കറികൾ 73.93 ലക്ഷം, വാഴപ്പഴം 58.65 ലക്ഷം, തേൻ ഉൽപ്പന്നങ്ങൾ 13.38 ലക്ഷം, നാളികേരം 69.84 ലക്ഷം, കിഴങ്ങുവർഗ്ഗങ്ങൾ 74.88 ലക്ഷം, മറ്റു കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ 29.26 ലക്ഷം, മറ്റുള്ളവ 3 ലക്ഷം എന്നിവ ഉൾപ്പെടും.

കാർഷിക ഉത്പാദകർക്കും വ്യവസായ സംരംഭകർക്കും ഒത്തു ചേരാനും സംവദിക്കാനും കൃഷിദർശൻ ബി2ബി മീറ്റ് വേദിയിലൂടെ സാധ്യമായി. പരി



പാടിയോടനുബന്ധിച്ച് ഉത്പാദകർ/സംരംഭകർക്കും (സെല്ലേഴ്സ്), വ്യവസായ/സംഭരണ സംരംഭകർക്കും (ബയേഴ്സ്) രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നു. പരിപാടിയിൽ പങ്കെടുക്കുന്നതിനായി 40 സെല്ലേഴ്സും, 20 ബയേഴ്സുമാണ് രജിസ്ട്രേഷൻ പൂർത്തീകരിച്ചത്.

കർഷകർ, കൃഷിക്കൂട്ടങ്ങൾ, കാർഷികോത്പാദക സംഘടനകൾ, സംരംഭകർ തുടങ്ങിയവർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും അവസരം ഒരുക്കുന്നതോടൊപ്പം കർഷകരുടെ പരമാവധി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, ബയേഴ്സുമായി ഉടമ്പടികളിൽ ഏർപ്പെടുന്നതിനും ബി2ബി വേദിയിലൂടെ അവസരം സൃഷ്ടിച്ചു. പ്രധാനമായും നാളികേരം, സുഗന്ധ വ്യഞ്ജനങ്ങൾ, വാഴപ്പഴം, ധാന്യങ്ങൾ, ഭൗമ സൂചിക പദവി ലഭിച്ച കാർഷിക ഉത്പന്നങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളാണ് പ്രദർശിപ്പിച്ചത്. സംരംഭകരിൽ നിന്നും ഉത്പന്നങ്ങൾ വാങ്ങുന്നതിനായി മൊത്തക്കച്ചവടക്കാർ, എക്സ്പോർട്ടേഴ്സ്, കർഷക ഗ്രൂപ്പുകൾ, മൂല്യവർധിത സംരംഭകർ തുടങ്ങിയവർ ബയേഴ്സ് ആയി പങ്കെടുത്തു.

### എല്ലാ ജില്ലകളിലും വൈഗ റിസോഴ്സ് സെന്ററുകൾ

കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും വൈഗ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കുമെന്ന് ബഹു. മന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. കേരളത്തിലെ എല്ലാ പ്രദേശത്തുമുള്ള കർഷകർക്കു ഗുണപ്രദമാകുന്ന തരത്തിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, അവരുടെ ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കർഷകരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസഹായം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ വേണ്ട സഹായങ്ങൾ ചെയ്യുക തുടങ്ങി കർഷകർക്ക് മൂല്യ വർദ്ധന മേഖലയിലേക്ക് കടന്നുവരുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും റിസോഴ്സ് സെന്ററുകൾ വഴി ഏകോപിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ഹരിപ്പാട് നടക്കുന്ന കൃഷി മന്ത്രിയുടെ പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമായ കൃഷിദർശന്റെ മൂന്നാം ദിനത്തിൽ ഹരിപ്പാട് സൗഗന്ധിക റെസിഡൻസിയിൽ നടന്ന ബിടു ബി മീറ്റ് ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



കർഷകരുടെ ഉത്പന്നങ്ങൾ സംസ്കരിച്ചും വൈവിധ്യ വത്കരിച്ചും വിപണിയിൽ ലഭ്യമാണ്. വിപണിയുടെ നേട്ടങ്ങൾ ഉൽപാദകരിലേക്ക് പൂർണ്ണമായും എത്തിക്കുവാൻ കർഷകരും കൃഷി കൂട്ടങ്ങളും ഉത്പാദനത്തോടൊപ്പം സംസ്കരണ- വിപണന പ്രവർത്തനങ്ങളിൽ കൂടി മുൻകൈയെടുക്കേണ്ടതുണ്ട്. കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിന് ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധ്യമാകും. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കർഷകരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിലും പദ്ധതികളിലും കൃഷിവകുപ്പ് മാറ്റങ്ങൾ കൊണ്ടുവരികയാണ്. വകുപ്പിന്റെ നേതൃത്വത്തിൽ മുഖാമുഖം നടന്ന ആദ്യ ബി 2 ബി മീറ്റ് തിരുവനന്തപുരത്ത് വൈഗ എക്സിബിഷനിൽ അവതരിപ്പിച്ചപ്പോൾ 39.76 കോടി



രൂപയുടെ കാർഷിക ഉത്പന്നങ്ങൾക്കാണ് വിപണി ഉറപ്പാക്കുവാൻ കഴിഞ്ഞത്. ഇത്തരത്തിൽ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുമെന്നും കർഷകരുടെയും കൃഷി കൂട്ടങ്ങളുടെയും 100 കോടി രൂപയുടെ ഉത്പന്നങ്ങൾക്ക് ഈ വർഷം വിപണി കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. നമ്മുടെ കർഷകരുടെ വിഷ രഹിതമായ ഉത്പന്നങ്ങൾ സംഭരിക്കുവാൻ കേരളത്തിലെ ഏറ്റവും വിപുലമായ വിപണന സംവിധാനമുള്ള പ്രമുഖ ഗ്രൂപ്പുകൾ, സംഘടനകൾ തുടങ്ങിയവരുമായി ധാരണയായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കൃഷിവകുപ്പിന്റെ 131 ഫാം ഉൽപ്പന്നങ്ങൾ മുൻനിര ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകളായ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയവയിലൂടെ കേരളഗ്രോ ബ്രാൻഡിൽ എത്തിച്ചു. അടുത്തഘട്ടത്തിൽ കർഷകരുടെയും കൃഷി കൂട്ടങ്ങളുടെയും കാർഷികോൽപാദക സംഘടനകളുടെയും ഉൾപ്പെടെ 1000 ഉൽപ്പന്നങ്ങൾ ഓൺലൈനിലേക്ക് എത്തിക്കും. ഇത്തരം നിരവധിയായ കർഷക സൗഹൃദ പ്രവർത്തനങ്ങൾ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരികയാണെന്നും മന്ത്രി അറിയിച്ചു.

ഹരിപ്പാട് നഗരസഭ ചെയർമാൻ ശ്രീ. കെ.എം. രാജുവിന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ച ബി2ബി മീറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ചെറുതന പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എബി മാത്യു സ്വാഗതം പറഞ്ഞു. കർഷകർ, കർഷക സംഘങ്ങൾ, കാർഷികോത്പാദന സംഘടനകൾ, മൂല്യവർധിത സംരംഭകർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളുമായുള്ള കൂടിക്കാഴ്ച

കാർഷിക മൂല്യവർധിത മേഖലയിൽ കൃത്യമായ ദിശാബോധത്തോടെയാണ് കൃഷിവകുപ്പ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനു മൂല്യവർധിത മേഖലയിലൂടെ സാധിക്കുമെന്നും ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. ഇതിലൂടെ പ്രാദേശിക സാമ്പത്തിക വികസനമാണ് ലക്ഷ്യമിടുന്നതെന്നും, അതിനാൽ തന്നെ ഇത്തരം മൂല്യവർധിത പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകൾ മുഖ്യമായ പങ്ക് വഹിക്കണമെന്നും ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളെ അഭിസംബോധന ചെയ്തു കൊണ്ട് ബഹു. മന്ത്രി അഭിപ്രായപ്പെട്ടു.

കുട്ടനാട്, ഓണാട്ടുകര, കരപ്പുറം എന്നിങ്ങനെ വ്യത്യസ്ത ഭൂപ്രകൃതിയുള്ള ആലപ്പുഴ ജില്ലയിലെ കാർഷിക പ്രവർത്തനങ്ങൾക്ക് വ്യത്യസ്തമായ കൃഷിരീതികളും അനിവാര്യമാണ്. അതിനാൽ തന്നെ സംസ്ഥാനമൊട്ടുക്കുമുള്ള കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതി ആസൂത്രണത്തിൽ നിന്നും മാറി കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതി ആസൂത്രണത്തിനാണ് കൃഷിവകുപ്പ് തുടക്കം കുറിച്ചിരിക്കുന്നതെന്ന് കൃഷി മന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ ആസൂത്രണം നടപ്പിലാക്കുന്നതിലൂടെ മൂല്യ വർദ്ധിത സംരംഭകത്വ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും, അതിലൂടെ കർഷകന് വരുമാനം വർദ്ധിപ്പിക്കുവാനും കഴിയുമെന്ന് മന്ത്രി പറഞ്ഞു.

കൃഷിക്കൂട്ടങ്ങളെ കൂടുതൽ ശാക്തീകരിച്ചുകൊണ്ട് ഉത്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാർഷിക മൂല്യ വർദ്ധനവിലും വിപണനത്തിലും കൂടുതൽ സഹായങ്ങൾ ചെയ്യുവാൻ കഴിയും. പ്രാദേശിക അടിസ്ഥാനത്തിൽ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും വേണ്ട യന്ത്രങ്ങൾ, ചെറുകിട സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സജ്ജമാക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് സഹായിക്കാനാകും. കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂടി ഉൾപ്പെടുത്തി സംയോജിത പദ്ധതികൾ തയ്യാറാക്കുവാനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രി അധ്യക്ഷനായി 11 വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മൂല്യ വർധിത കൃഷി മിഷൻ യാഥാർഥ്യ





മായി. മൂല്യ വർദ്ധിത സംരംഭകത്വ സാധ്യതകൾക്ക് വഴിതെളിക്കുന്നതിനായി 2109 കോടി രൂപയുടെ പദ്ധതി ലോകബാങ്ക് സഹായത്തോടെയാണ് കാർഷിക മൂല്യ വർദ്ധന മേഖലയിൽ ആരംഭിക്കുന്നത്. കർഷകർ ഇത് പ്രയോജനപ്പെടുത്തണമെന്നും കൃഷി മന്ത്രി അഭിപ്രായപ്പെട്ടു. ഇപ്പോൾ തന്നെ കൃഷി വകുപ്പിന്റെ 131 ഉൽപ്പന്നങ്ങൾ ആമസോൺ അടക്കമുള്ള മുൻ നിര ഓൺലൈൻ വിപണന പ്ലാറ്റ്ഫോമിൽ 'കേരളാഗ്രോ' ബ്രാൻഡിൽ ലഭ്യമായിട്ടുണ്ട്. കാർഷിക ബിസിനസ് പദ്ധതികൾ, അഗ്രോ പാർക്കുകൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സിയാൽ മാതൃകയിൽ കർഷകരുടെ കൂടെ പങ്കാളിത്തമുള്ള കേരള അഗ്രി ബിസിനസ് കമ്പനി (KABCO) യും ഉടനെ നിലവിൽ വരുന്നതാണ് എന്നും മന്ത്രി അറിയിച്ചു. വിവിധ തദ്ദേശ സ്വയംഭരണ മേധാവികൾ ഉന്നയിച്ച പ്രശ്നങ്ങൾക്കും മന്ത്രി മറുപടി നൽകുകയുണ്ടായി.

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. പി പി സംഗീതയുടെ അധ്യക്ഷതായിലായിരുന്ന തദ്ദേശസ്ഥാപന അധ്യക്ഷന്മാരുടെയോഗം നടന്നത്. ചടങ്ങിൽ കൃഷി അഡിഷണൽ സെക്രട്ടറി ശ്രീ. സാബിർ ഹുസൈൻ പദ്ധതിവിശദീകരണം നടത്തി. കൃഷി അഡിഷണൽ ഡയറക്ടർമാർ, കൃഷി- കാർഷിക അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കൃഷി വകുപ്പ് ഡയറക്ടർ ശ്രീമതി. അഞ്ജു കെ എസ് ഐഎഎസ് സ്വാഗതവും ആലപ്പുഴ ജില്ലാ കൃഷി ഓഫീസർ സിബി റ്റി നീണ്ടിശ്ശേരി നന്ദിയും പറഞ്ഞു

## പ്രാഥമിക കാർഷിക സഹകരണ സംഘം പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കാർഷിക അടിസ്ഥാന സൗകര്യനിധിയിൽ നിന്നും 1% നിരക്കിൽ വായ്പ ലഭിക്കുമെന്നും കർഷകർക്കായി 2250 കോടി രൂപയുടെ സഹായം സംസ്ഥാനത്ത് ലഭ്യമാണെന്നും കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. എന്നാൽ പ്രയോഗികമായ പ്രൊജക്ടുകൾ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കാർഷിക സഹകരണ സംഘങ്ങൾക്ക് വേണ്ടി പ്രത്യേക ഡി പി ആർ ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധിത ശൃംഖലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഇടപെടലുകളും സഹായവും ആവശ്യപ്പെട്ടുകൊണ്ട് ഹരിപ്പാട് കൃഷിദർശൻ വേദിയിൽ നടത്തിയ സഹകരണസംഘം പ്രതിനിധികളുടെ യോഗത്തെ അഭിസംബോധന ചെയ്ത് മന്ത്രി സംസാരിച്ചു.

കാർഷിക ഉത്പന്നങ്ങളുടെ വിപണനം കർഷകർ എപ്പോഴും അനുഭവിക്കുന്ന ഒരു പ്രതിസന്ധിയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണുക എന്നതാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണത്തിന് കർഷകന് വേണ്ട എല്ലാ സഹായങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കേരള ആഗ്രോ ബിസിനസ് കമ്പനി (KABCO) ഉടനെ പ്രവർത്തനം ആരംഭിക്കുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ വിപണത്തിനും മൂല്യവർദ്ധനവിനും അനുയോജ്യമായ പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കുവാൻ കഴിയും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കീഴിൽ കർഷക ഗ്രൂപ്പുകൾക്ക് വേണ്ട പരിശീലനം, ഉൽപന്ന സംസ്കരണത്തിന് വേണ്ട സഹായം എന്നിവ കൂടുതൽ സുഗമമായി നടത്തുവാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. കർഷകരുടെ ഉത്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആകർഷകമായ പാക്കിങ് നടത്തുന്നതിന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ധാരണാ പത്രം ഒപ്പു വക്കുകയും പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ കർഷകർക്ക് പാക്കേജിങ്ങിൽ ആവശ്യമായ പരിശീലനം നൽകുവാൻ കൃഷിവകുപ്പിനു സാധിക്കുമെന്നും മന്ത്രി പറഞ്ഞു.




കുട്ടനാട് സഹകരണ സർക്കിൾ യൂണിറ്റ് പ്രസിഡന്റ് പി വി രാമഭദ്രന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൂല്യ വർധിത കൃഷിയും ഉൽപ്പന്നങ്ങളും- പ്രാഥമിക കാർഷിക ക്രെഡിറ്റ് സോസൈറ്റികളുടെ പങ്ക് എന്ന വിഷയം കൃഷി വകുപ്പ് അഡിഷണൽ സെക്രട്ടറി സാബിർ ഹുസൈൻ അവതരിപ്പിച്ചു. കാർഷിക അടിസ്ഥാന സൗകര്യ നിധിയെ സംബന്ധിച്ച വിവരങ്ങൾ നബാർഡ് ഡെപ്യൂട്ടി മാനേജർ പ്രേം കുമാർ അവതരിപ്പിച്ചു. യോഗത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രതിനിധി അരുൺ, നാബികോൺ പ്രതിനിധി അശ്വതി, പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ കൃഷി അഡിഷണൽ ഡയറക്ടർ രാജേശ്വരി എസ് ആർ സ്വാഗതവും ആത്മ പ്രോജക്ട് ഡയറക്ടർ അനിതകുമാരി നന്ദിയും പറഞ്ഞു.

## ഡി പി ആർ ക്ലിനിക്ക്

കാർഷിക അടിസ്ഥാന സൗകര്യ നിധിയിൽ കേരളത്തിലെ കാർഷിക മേഖല വികസനത്തിന് 2109 കോടി രൂപയുടെ ധനസഹായം ലഭ്യമാണെങ്കിലും കർഷകരിൽ നിന്നും കർഷക സംരംഭകരിൽ നിന്നും പ്രായോഗികമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അഭാവത്തിൽ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള വായ്പകൾ ബാങ്കുകൾ നിഷേധിക്കാറുണ്ട്. നമ്മുടെ കർഷകരുടെ മികച്ച പ്രോജക്ടുകൾക്ക് പ്രായോഗികവും വിശദവുമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി കൃഷി വകുപ്പ് മുൻകൈയെടുത്തു. അതിന്റെ ഭാഗമായി കേരളത്തിൽ ആദ്യ കാർഷിക ഡി പി ആർ ക്ലിനിക്ക് തിരുവനന്തപുരത്ത് വച്ച നടന്ന വൈഗ പ്രദര്ശനത്തോടനുബന്ധിച്ച് നടത്തുകയും 50 ഡി പി ആറുകൾ നൽകുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഹരിപ്പാട് നടന്ന കൃഷിദർശനോടനുബന്ധിച്ച് ഈ പ്രദേശത്തെ കാർഷിക സംരംഭകർക്ക് മുതൽക്കൂട്ടാകുന്ന 5 ഡി പി ആറുകൾ തയ്യാറാക്കി. വിദഗ്ധർ തയ്യാറാക്കിയ ബാങ്കബിൾ ആയ ഈ ഡി പി ആറുകൾ ഉപയോഗപ്പെടുത്തി കൃഷി സംരംഭകർക്ക് അവരുടെ പ്രോജക്ടുകൾക്കുതകുന്ന വായ്പകൾ നേടുവാനും, സംരംഭങ്ങൾ പ്രാവർത്തികമാക്കുവാനും, സർക്കാർ സബ്സിഡികൾ നേടുവാനും സാധിക്കും.

## കൃഷിവകുപ്പ് മന്ത്രിയുടെ കൃഷിയിട സന്ദർശനം

3.05 കോടി രൂപയുടെ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം കൃഷിയിടത്തിൽ വച്ച് അനുവദിച്ചു.

ഹരിപ്പാടിന്റെ കൃഷിയിടത്തിൽ വച്ച് 3.05 കോടി രൂപയുടെ വിള ഇൻഷുറൻസ് നഷ്ടപരിഹാര ഉത്തരവ് പുറപ്പെടുവിച്ച് കൃഷി മന്ത്രി പി പ്രസാദ്. 2021 ഏപ്രിൽ മുതൽ കൃഷിനാശം സംഭവിച്ച കൃഷി ഇൻഷ്വർ ചെയ്ത കർഷകർക്ക് പ്രയോജനപ്രദമാകുന്ന ഉത്തരവാണ് കൃഷിദർശന്റെ നാലാം ദിനത്തിൽ കൃഷിയിട സന്ദർശനത്തിനിടെ പുറപ്പെടുവിച്ചത്. ഹരിപ്പാട് കാർഷിക ബ്ലോക്കിലെ നിരവധി കർഷകർ ഇൻഷുറൻസ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചിങ്ങോലി കൃഷിഭവന്റെ പരിധിയിലെ കൃഷിയിടത്തിൽ വച്ച് ഇൻഷ്വറൻസ് തുക അനുവദിച്ച് ഉത്തരവിറക്കി കർഷകരുടെ പ്രശ്നങ്ങൾക്ക് കൃഷിയിടങ്ങളിൽ വച്ച് കൃഷി മന്ത്രി പരിഹാരം കണ്ടു.

കുട്ടനാടും ഓണാട്ടുകരയും ഒത്തുചേർന്ന ഹരിപ്പാട് കാർഷിക ബ്ലോക്കിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് കൃഷിമന്ത്രി പി പ്രസാദും രമേശ് ചെന്നിത്തല എം എൽ എ യും കൃഷിയിട സന്ദർശനം നടത്തുകയുണ്ടായി. ഹരിപ്പാട് കാർഷിക ബ്ലോക്കിൽ കൃഷിവകുപ്പ് സംഘടിപ്പിച്ചിട്ടുള്ള കർഷക സമ്പർക്ക പരിപാടിയായ കൃഷിദർശന്റെ ഭാഗമായാണ് മന്ത്രിയും എം എൽ എ യും കൃഷിയിടങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾ വിലയിരുത്തിയത്. ഹരിപ്പാട് ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന

ചെറുതന, വീയപുരം, ഹരിപ്പാട്, പള്ളിപ്പാട്, ചിങ്ങോലി, കാർത്തികപ്പള്ളി, കുമാരപുരം, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കൃഷിയിടങ്ങളാണ് സന്ദർശിച്ചത്. പഞ്ചായത്ത് പ്രസിഡന്റ്മാരും മറ്റു ജനപ്രതിനിധികളും അവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh